ഈ വർഷത്തെ ആർ. എൽ. ഇ. ജി. പി. വർക്കുകൾ

351. [454] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. പ്രകാരം ഈ സാമ്പത്തികവർഷം എത്ര സംഖ്യയുടെ വർക്കാണ് നടത്താൻ ഉദ്ദേശിക്കുന്നത് ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വർഷത്തെ ആർ. എൽ. ഇ. ജി.പി. പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം (സാമൂഹ്യ വനവൽക്കരണം ഉൾപ്പെടെ) 1864 ലക്ഷം രൂപയും, 37680 ടൺ ഭക്ഷ്യധാന്യവുമാണ്. ഭക്ഷ്യധാന്യങ്ങളുടെ വില കൂടി കണക്കിലെടുത്താൽ മൊത്തം 2497 ലക്ഷം രൂപയുടെ വർക്കുകൾ ആണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) മേൽ സൂചിപ്പിച്ച കേന്ദ്ര വിഹിതത്തിൽ ആദ്യഗഡുവായി 1211.20 ലക്ഷം രൂപയും 18,840 ടൺ ഭക്ഷ്യധാന്യവും കിട്ടിയിട്ടുണ്ട്. അവ താഴെ കാണും പ്രകാരം ഓരോ ജില്ലക്കും അനുവദിച്ചിട്ടുണ്ട്.

ജില്ല	രൂപ (ലക്ഷത്തിൽ)	ധാന്യം (ടണ്ണിൽ)
തിരുവനന്തപുരം	78.00	1220
കൊല്ലം	103.00	1680
പത്തനംതിട്ട	75.10	1626
കോട്ടയം	42.00	800
ആലപ്പുഴ	23.20	240
ഇടുക്കി	158.50	1814
എറണാകുളം	291.70	1524
തൃശ്ശൂർ	101.95	1394
മലപ്പുറം	115.80	1484
പാലക്കാട്	148.20	2138
കോഴിക്കോട്	68.30	1420
വയനാട്	65.70	910
കണ്ണൂർ	87.05	1830
കാസർകോട്	52.70	760
	1211.20	18.840

എൻ. ആർ. ഇ. പി. യിൽ പെട്ട ചെമ്മണ്ണൂർ-കമ്പിപ്പാലം റോഡ്

352. [456] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അഴുത ബ്ലോക്കിൽ എൻ. ആർ. ഇ. പി. പദ്ധതിയിൽപ്പെട്ട ചെമ്മണ്ണൂർ കമ്പിപ്പാലം റോഡ് അടിയന്തിരമായി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അഴുത ബ്ലോക്കിൽ എൻ. ആർ. ഇ. പി പദ്ധതിയിൽപ്പെട്ട ചെമ്മണ്ണൂർ-കമ്പിപ്പാലം റോഡിന്റെ പണി 1986-87-ലേക്കുള്ള ആനവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1986-87-ൽ തന്നെ പ്രസ്തുത പണി തുടങ്ങാൻ ഇടുക്കി ജില്ല പ്രോജക്ട് ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തി 1986-87-ൽ ഗ്രൂപ്പ് ഹൗസിംഗ് സ്കീം പ്രകാരം നിർമ്മിക്കുന്ന വീടുകൾ

353. [459] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. പദ്ധതിയിൽ ഉൾപ്പെടുത്തി 1986-87 സാമ്പത്തിക വർഷത്തിൽ എത്ര വീടുകളാണ് ഗ്രൂപ്പ് ഹൗസിംഗ് സ്കീം പ്രകാരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം വിവിധ ജില്ലകളിലെ ഓരോ ബ്ലോക്കിലും എത്ര വീടുകൾ വീതമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 10,773 വീടുകൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കുറച്ചു വീടുകളുടെ നിർമ്മാണത്തിനു കൂടി അംഗീകാരം കൊടുക്കാൻ ഉദ്ദേശമുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) അനുവദിച്ച 10,773 വീടുകളുടെ ബ്ലോക്കുതല വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കോഴിക്കോട് ജില്ലയിലെ എൻ. ആർ. ഇ. പി. പദ്ധതി

354. [461] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷത്തിൽ എൻ. ആർ. ഇ. പി. പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ മൊത്തം എത്ര രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) ബ്ലോക്ക് അടിസ്ഥാനത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന സംഖ്യ എത്ര വീതമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1986-87-ൽ എൻ. ആർ. ഇ. പി. ക്ക് കോഴിക്കോട് ജില്ലയിൽ മൊത്തം 183.88 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) ബ്ലോക്ക് അടിസ്ഥാനത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന സംഖ്യയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

† അനുബന്ധം—III
2/1061/V.

LIBRARY ARCHIVES Kerala Legislative Assembly